REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 10-03-2026 സമയം 06.45 AM

---

## പ്രധാന വാർത്തകൾ

- **പ്രധാനമന്ത്രി നരേന്ദ്ര മോദി ഒരുദിവസത്തെ സന്ദർശനത്തിന് നാളെ കേരളത്തിലെത്തും. കൊച്ചിയിൽ 10,800 കോടി രൂപയുടെ വികസന പദ്ധതികൾക്ക് അദ്ദേഹം തുടക്കമിടും.**
- **LPG ഉത്പാദനം വർദ്ധിപ്പിക്കാൻ രാജ്യത്തെ എണ്ണ ശുദ്ധീകരണ ശാലകൾക്ക് കേന്ദ്ര നിർദേശം.**
- **ഇറാൻ യുദ്ധം സംബന്ധിച്ച് ഡൊണാൾഡ് ട്രംപും, വ്ലാഡിമിർ പുട്ടിനും ടെലിഫോൺ സംഭാഷണം നടത്തി.**
- **നഴ്സുമാർക്ക് നിയമപരമായ കൃത്യതയോടെ മിനിമം വേതനം നടപ്പാക്കാൻ ലേബർ കമ്മീഷണർക്ക് നിർദേശം നൽകിയതായി മന്ത്രി V ശിവൻകുട്ടി.**
- **FIH വനിതാ ഹോക്കി ലോകകപ്പ് ക്വാളിഫയറിൽ ഇന്ത്യ-സ്കോട്ട്ലാന്റ് മത്സരം സമനിലയിൽ.**

## വാർത്തകൾ വിശദമായി

പ്രധാനമന്ത്രി നരേന്ദ്ര മോദി ഒരുദിവസത്തെ സന്ദർശനത്തിന് നാളെ കേരളത്തിലെത്തും. ഉച്ചയ്ക്ക് ഒന്നരയോടെ കൊച്ചിയിലെത്തുന്ന പ്രധാനമന്ത്രി 10,800 കോടി രൂപയുടെ വികസന പദ്ധതികൾക്ക് തുടക്കമിടും. പൂർത്തീകരിച്ച പദ്ധതികൾ ഉദ്ഘാടനം ചെയ്യുന്ന പ്രധാനമന്ത്രി മറ്റ് ചില പദ്ധതികൾക്ക് തറക്കല്ലിടുകയും ചെയ്യും. തുടർന്ന് തമിഴ്നാട്ടിലെ തിരുച്ചിറപ്പള്ളിയിലേക്ക് പോകുന്ന അദ്ദേഹം 5,650 കോടി രൂപയുടെ പദ്ധതികളുടെ സമർപ്പണവും ഉദ്ഘാടനം ചെയ്യും.

റോഡ് അടിസ്ഥാന സൗകര്യമേഖലയിലെ രണ്ട് പ്രധാന ദേശീയ പാതാ പദ്ധതികൾ കൊച്ചിയിൽ പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്യും. ദേശീയപാത 66ലെ നിർമ്മാണം പൂർത്തിയാക്കിയ ആറ് വരി തലപ്പാടി - ചെങ്കള ഭാഗവും, 2140 കോടി രൂപ ചെലവിൽ പൂർത്തീകരിച്ച വെങ്ങളം - രാമനാട്ടുകര കോഴിക്കോട് ബൈപ്പാസിന്റെ ആറ് വരി പാതയും അദ്ദേഹം രാജ്യത്തിന് സമർപ്പിക്കും.

കൂടുതൽ വിവരങ്ങൾ....

.......വോയ്സ്........

പ്രധാൻമന്ത്രി ഗ്രാം സഡക് യോജനയിൽ നിർമ്മിച്ച കേരളത്തിലെ 23 ഗ്രാമീണ റോഡുകളും നാളെ പ്രധാനമന്ത്രി നാടിന് സമർപ്പിക്കും. അമൃത് ഭാരത് സ്റ്റേഷൻ പദ്ധതിയിൽ പുനർവികസിപ്പിച്ച ഷൊർണൂർ ജംഗ്ഷൻ, കുറ്റിപ്പുറം, ചങ്ങനാശ്ശേരി സ്റ്റേഷനുകളും പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്യും. ഇതോടൊപ്പം ഷൊർണുർ- നിലമ്പൂർ റോഡ് വൈദ്യുതീകരണവും പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്യും. പാലക്കാട്- പൊള്ളാച്ചി ട്രെയിൻ സർവീസും അദ്ദേഹം ഫ്ലാഗ് ഓഫ് ചെയ്യും.

ഭാരത് പെട്രോളിയം കോർപ്പറേഷന്റെ കൊച്ചി എണ്ണ ശുദ്ധീകരണ ശാലയിൽ പോളി പ്രോപ്പിലീൻ യൂണിറ്റിന് നരേന്ദ്രമോദി തറക്കല്ലിടും. 5,500 കോടിയിൽ പരം നിക്ഷേപത്തോടെ തുടങ്ങുന്ന പദ്ധതിയിൽ 400 കിലോ ടൺ പോളി പ്രോപ്പിലീൻ ഉത്പാദിപ്പിക്കാൻ കഴിയും.

കൊച്ചി കലൂർ സ്റ്റേഡിയത്തിൽ 'വികസിത കേരളം മോദിക്കൊപ്പം' എന്ന പരിപാടിയെ അദ്ദേഹം അഭിസംബോധന ചെയ്യുമെന്ന് BJP സംസ്ഥാന ജനറൽ സെക്രട്ടറി S.സുരേഷ് വാർത്ത സമ്മേളനത്തിൽ അറിയിച്ചു. ധീവരസഭയുടെ സുവർണ്ണ ജൂബിലി ആഘോഷങ്ങളും പ്രധാനമന്ത്രി കൊച്ചിയിൽ ഉദ്ഘാടനം ചെയ്യും.

പ്രധാനമന്ത്രിയുടെ സന്ദർശനത്തിനോട് അനുബന്ധിച്ച് കൊച്ചി നഗരത്തിൽ ഇന്നും നാളെയും ഗതാഗത നിയന്ത്രണം ഏർപ്പെടുത്തി. രാവിലെ 10 മുതൽ ഉച്ചയ്ക്ക് മൂന്നര വരെയാണ് നിയന്ത്രണം.

✪✪✪

രാജ്യത്തെ എണ്ണ ശുദ്ധീകരണ ശാലകളോട് LPG ഉത്പാദനം വർദ്ധിപ്പിക്കാൻ ഗവൺമെന്റ് നിർദേശം നൽകി. വീടുകളിലെ ഉപയോഗത്തിന് സിലിണ്ടർ ദൗർലഭ്യം ഒഴിവാക്കാനാണ് LPG അധികമായി നിർമ്മിക്കുന്നത്. സിലിണ്ടർ ബുക്കിംഗുകൾക്കിടയിൽ 25 ദിവസത്തെ ഇടവേള ഏർപ്പെടുത്താനും പെട്രോളിയം മന്ത്രാലയം ആവശ്യപ്പെട്ടു. സിലിണ്ടറുകളുടെ കരിഞ്ചന്തയും പൂഴ്ത്തിവെപ്പും തടയാനാണ് നടപടി. ഇറക്കുമതി ചെയ്യുന്ന LPG

ഗാർഹികേതര ഉപയോക്താക്കൾക്ക് നൽകാനും മന്ത്രാലയം നിർദേശിച്ചു. ആശുപത്രികൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയ്ക്ക് മുൻഗണന നൽകണം.

✪✪✪

US-ഇസ്രായേൽ യുദ്ധം, ഉക്രെയ്ൻ സംഘർഷം എന്നിവ സംബന്ധിച്ച് റഷ്യൻ പ്രസിഡന്റ് വ്ളാഡിമിർ പുടിനും അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപും ടെലിഫോണിൽ സംസാരിച്ചതായി ക്രെംലിൻ അറിയിച്ചു. ഇരു നേതാക്കളും ഒരു മണിക്കൂർ ചർച്ച നടത്തിയെന്നും യുദ്ധത്തിന് വേഗത്തിൽ രാഷ്ട്രീയവും നയതന്ത്രപരവുമായ ഒത്തുതീർപ്പിന് പ്രസിഡന്റ് പുടിൻ ആഹ്വാനം ചെയ്തതായും റഷ്യൻ ഗവൺമെന്റ് അറിയിച്ചു.

✪✪✪

ദോഹയിൽ കുടുങ്ങിയ ആയിരത്തോളം ഇന്ത്യക്കാർ കഴിഞ്ഞ മൂന്ന് ദിവസങ്ങളിൽ ഖത്തർ എയർവേയ്സ് വിമാനങ്ങളിൽ നാട്ടിലെത്തിയതായി ഖത്തറിലെ ഇന്ത്യൻ എംബസി അറിയിച്ചു. ഇന്നലെ ഖത്തർ എയർവേയ്സ് ദോഹ-ന്യൂഡൽഹി സർവീസ് നടത്തിയതായും 300-ലേറെ ഇന്ത്യക്കാർ ഇന്ത്യയിലെത്തിയതായും എംബസി അറിയിച്ചു. ഇന്ന് ഡൽഹി, മുംബൈ, കൊച്ചി എന്നിവിടങ്ങളിലേക്ക് മൂന്ന് വിമാനങ്ങൾ സർവീസ് നടത്തും.

✪✪✪

LPG സിലിണ്ടറുകളുടെ പൂഴ്ത്തിവയ്പിനെതിരെ കർശന നടപടിയെടുക്കുമെന്ന് മന്ത്രി GR അനിൽ തിരുവനന്തപുരത്ത് അറിയിച്ചു. ജില്ലാകളക്ടറുടെയും ജില്ലാ സപ്ലൈ ഓഫീസർ മാരുടെയും നേതൃത്വത്തിൽ പരിശോധന സ്ക്വാഡുകൾ രൂപീകരിക്കുമെന്നും ഗ്യാസ് സിലിണ്ടറുകളുടെ ലഭ്യത ഉറപ്പാക്കുമെന്നും മന്ത്രി അറിയിച്ചു.

സിലിണ്ടർ വിതരണത്തിൽ കേന്ദ്ര ഗവൺമെന്റ് കൊണ്ടു വന്ന നിയന്ത്രണങ്ങൾ ഉപഭോക്താക്കളിൽ ആശങ്കയുണ്ടാക്കിയതായി അദ്ദേഹം പറഞ്ഞു. ഒരിക്കൽ ബുക്ക് ചെയ്താൽ 25 ദിവസം കഴിഞ്ഞേ അടുത്ത സിലിണ്ടർ ബുക്കിംഗ് ചെയ്യാനാകൂ. ഇതുമായി ബന്ധപ്പെട്ട വിഷയങ്ങൾ എണ്ണക്കമ്പനി പ്രതിനിധികളുമായി മന്ത്രി ചർച്ച ചെയ്തു. ഗാർഹിക സിലിണ്ടറുകൾക്ക് ദൗർലഭ്യമില്ലെന്നും ആശുപത്രികൾക്കടക്കം മുൻഗണനാക്രമത്തിൽ സിലിണ്ടറുകൾ നൽകുന്നതിന് നിയന്ത്രണം പ്രശ്നമാവില്ലെന്ന് കമ്പനികൾ അറിയിച്ചു. ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് നിയന്ത്രണങ്ങളിൽ ഇളവ് അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് കേന്ദ്ര ഗവൺമെന്റിന് കത്ത് നൽകുമെന്നും മന്ത്രി അറിയിച്ചു.

✪✪✪

സംസ്ഥാനത്തെ നഴ്സുമാർക്ക് നിയമപരമായ കൃത്യതയോടെ മിനിമം വേതനം നടപ്പാക്കാൻ ലേബർ കമ്മീഷണർക്ക് നിർദേശം നൽകിയതായി മന്ത്രി V ശിവൻകുട്ടി അറിയിച്ചു. കോഡ് ഓൺ വേജസ് പ്രകാരം മിനിമം വേതന പരിഷ്കരണത്തിന് നടപടിയാരംഭിക്കാൻ ഗവണ്മെന്റ് തീരുമാനിച്ചിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു. തൊഴിലാളി താൽപര്യങ്ങൾ സംരക്ഷിച്ചുകൊണ്ടായിരിക്കും വേതന പരിഷ്കരണമെന്നും മന്ത്രി തിരുവനന്തപുരത്ത് പറഞ്ഞു.

✪✪✪

സ്വകാര്യ ആശുപത്രി നഴ്സുമാരുടെ സമരം ഗവൺമെന്റ് ഇടപെട്ട് പരിഹരിക്കണമെന്ന് പ്രതിപക്ഷ നേതാവ് VD സതീശൻ കോഴിക്കോട്ട് ആവശ്യപ്പെട്ടു. നഴ്സുമാരെ പിരിച്ചുവിടുന്നത് ശരിയല്ലെന്നും മാനേജ്മെന്റുകളുമായി ഗവൺമെന്റ് ചർച്ച നടത്തണമെന്നും അദ്ദേഹം പറഞ്ഞു. ഗവൺമെന്റ് ഡോക്ടർമാരുടെ സമരം പോലും അവസാനിപ്പിക്കാൻ ഗവൺമന്റിന് കഴിയുന്നില്ലെന്ന് സതീശൻ കുറ്റപ്പെടുത്തി.

കോഴിക്കോട്ട് DCC യിൽ, മുൻ കേന്ദ്ര മന്ത്രിയും കോൺഗ്രസ് നേതവുമായിരുന്ന KP ഉണ്ണികൃഷ്ണന്റെ ഫോട്ടോ അനാച്ഛാദനവും അനുസ്മരണവും സതീശൻ നിർവഹിച്ചു.

✪✪✪

നഴ്സുമാർ സമരം ചെയ്യുന്ന സ്വകാര്യ ആശുപത്രികളിലേക്ക് കോഴിക്കോട്ട് യുവമോർച്ച മാർച്ച് നടത്തി. കോവിഡ് - നിപ കാലത്ത് സ്വന്തം ജീവൻ പോലും അവഗണിച്ച് രോഗികളെ പരിചരിച്ചവരാണ് നഴ്സുമാരെന്ന് മാർച്ചിന് നേതൃത്വം നൽകിയ BJP സിറ്റി ജില്ലാ പ്രസിഡന്റ് പ്രകാശ് ബാബു പറഞ്ഞു.

✪✪✪

മെഡിക്കൽ കോളേജിലെ ഡോക്ടർമാരുടെയും സ്വകാര്യ ആശുപതികളിലെ നഴ്സ്മാരുടെയും സമരത്തെ തുടർന്നുണ്ടായ പ്രതിസന്ധി പരിഹരിക്കാൻ ഗവൺമെന്റ് അടിയന്തിരമായി ഇടപെടണമെന്ന് ആവശ്യപ്പെട്ട് MK രാഘവൻ MP മുഖ്യമന്ത്രിക്ക് കത്ത് നൽകി. കോഴിക്കോട് ജില്ലയിൽ ചികിത്സാ രംഗത്ത് വലിയ പ്രതിസന്ധിയാണ് രൂപപ്പെട്ടിരിക്കുകയാണെന്ന് അദ്ദേഹം കത്തിൽ അറിയിച്ചു.

✪✪✪

2025-ലെ സിവിൽ സർവീസ് പരീക്ഷയിൽ കേരളത്തിൽ നിന്ന് ഉന്നത വിജയം നേടിയ വിദ്യാർത്ഥികളെ സംസ്ഥാന ഗവണ്മെന്റ് വൈകിട്ട് ആദരിക്കും. തിരുവനന്തപുരത്ത് അനുമോദനം മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം

ചെയ്യും. സംസ്ഥാന സിവിൽ സർവീസ് അക്കാദമിയുടെ ആഭിമുഖ്യത്തിലാണ് പരിപാടി സംഘടിപ്പിക്കുന്നത്.

✪✪✪

മുഖ്യമന്ത്രിയുടെ വിദ്യാർത്ഥി പ്രതിഭാ പുരസ്കാരം വൈകിട്ട് തിരുവനന്തപുരം വഴുതക്കാട് ഗവണ്മെന്റ് വനിതാ കോളേജ് ഓഡിറ്റോറിയത്തിൽ മന്ത്രി ഡോ R ബിന്ദു വിതരണം ചെയ്യും. വിവിധ സർവ്വകലാശാലകളിൽ നിന്നും പഠിച്ചിറങ്ങിയ 2,000 വിദ്യാർത്ഥികൾക്കാണ് പുരസ്കാരം നൽകുന്നത്.

✪✪✪

കോഴിക്കോട്ട് KSRTC യുടെ ഓപ്പൺ ഡബിൾ ഡക്കർ സിറ്റി ബസ് രാവിലെ മന്ത്രി PA മുഹമ്മദ് റിയാസ് ഫ്ലാഗ് ഓഫ് ചെയ്യും. തിരവനന്തപുരത്തിനും, മൂന്നാറിനും, തൃശൂരിനും പിന്നാലെയാണ് കോഴിക്കോട്ടും ഡബിൾ ഡക്കർ ബസ് ആരംഭിക്കുന്നത്.

✪✪✪

ദേശീയ പാത 66-ൽ കണ്ണൂർ ജില്ലയിലെ രണ്ടു റീച്ചുകളുടെയും നിർമ്മാണം ദ്രുതഗതിയിൽ പുരോഗമിക്കുന്നു.

കണ്ണൂരിൽ നിന്ന് KO ശശിധരൻ...

...........വോയ്സ്........

അഴിയൂർ മൂതൽ മുഴപ്പിലങ്ങാട് വരെയുള്ള തലശ്ശേരി -മാഹി ബൈപാസ് 2024 മാർച്ചിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ഉദ്ഘാടനം ചെയ്തോടെ കുരുക്കില്ലാത്ത ഗതാഗതം സാധ്യമായിരിക്കുകയാണ് . മുഴപ്പിലങ്ങാട് മുതൽ തളിപ്പറമ്പ് വരെയുള്ള 30 കിലോമീറ്ററോളം ദൂരത്തിലുള്ള റോഡിന്റെ നിർമ്മാണം 75 ശതമാനത്തോളം പൂർത്തിയായി. 2000 കോടിയിലേറെ രൂപ ചെലവഴിച്ചാണ് ഈ റീച്ചിന്റെ നിർമ്മാണം. ഏറ്റവും നീളമേറിയ വളപട്ടണം പാലത്തിന്റെ നിർമ്മാണം അവസാന ഘട്ടത്തിലാണ്. പുതുതായി അംഗീകരിച്ച അടിപ്പാതകളുടെ നിർമ്മാണവും നടക്കുന്നുണ്ട്. തളിപ്പറമ്പ മുതൽ നീലേശ്വരം വരെയുള്ള റീച്ചിന്റെ 75 ശതമനത്തിലധികം പൂർത്തിയായിട്ടുണ്ട്. കൂറ്റൻ തൂണുകളും വയഡക്റ്റുമൊക്കെ ആകാശയാത്ര കണക്കെ പ്രകൃതി ഭംഗി ആസ്വദിച്ച് സഞ്ചരിക്കാനുള്ള അവസരമാണ് ദേശീയ പാത തുറന്നു തരുന്നത്. ജില്ലയിലെ കണ്ണൂർ, തളിപ്പറമ്പ്, പയ്യന്നൂർ,തലശ്ശേരി എന്നീ നഗരങ്ങളെ സ്പർശിക്കാതെയാണ് ആറുവരി പാത കടന്നുപോവുന്നത്.

✪✪✪

FIH വനിതാ ഹോക്കി ലോകകപ്പ് ക്വാളിഫയറിൽ ഇന്ത്യ- സ്കോട്ട്ലാന്റ് മത്സരം രണ്ട് വീതം ഗോളടിച്ച് സമനിലയിൽ പിരിഞ്ഞു. ഹൈദരാബാദിലായിരുന്നു രണ്ടാം പൂൾ B മാച്ച്.

✪✪✪

കണ്ണൂർ ആറളം പുനരധിവാസ മേഖലയിൽ താമസിക്കുന്ന 47 പട്ടികവർഗ കുടുംബങ്ങൾക്ക് കൈവശരേഖ വിതരണം ചെയ്തു. ഭൂമിയില്ലാത്ത കുടുംബങ്ങൾക്ക് അഞ്ച് സെൻറ് എങ്കിലും ഭൂമി അനുവദിക്കണമെന്ന് പട്ടികവർഗ വകുപ്പ് ഉത്തരവ് ഇറക്കിയതായി കൈവശരേഖ വിതരണം ചെയ്ത മന്ത്രി OR കേളു പറഞ്ഞു. ഭൂമി കണ്ടെത്താൻ അധികാരം ഗുണഭോക്താവിന് തന്നെയാണ് നൽകുന്നതെന്ന് മന്ത്രി പറഞ്ഞു.

✪✪✪

ആറളം ഫാമിൽ കാട്ടാനയാക്രമണത്തിൽ മരിച്ചയാളുടെ കുടുംബത്തിന് രണ്ട് ലക്ഷം രൂപ സഹായം അനുവദിച്ചതിന്റെ ഉത്തരവ് അനീഷിന്റെ വീട്ടിലെത്തി മന്ത്രി OR കേളു കൈമാറി. തുക കുടുംബത്തിന്റെ ബാങ്ക് അക്കൗണ്ടിൽ ലഭ്യമാക്കിയിട്ടുണ്ടെന്ന് ITDP പ്രൊജക്ട് ഓഫീസർ അറിയിച്ചു.

✪✪✪

ഗവൺമെന്റ് ആശുപത്രികളിലെ ഡോക്ടർമാരുടെ OP സമയം ഉച്ചയ്ക്ക് രണ്ടു വരെയായി വർദ്ധിപ്പിച്ച ഗവൺമെന്റ് ഉത്തരവ് അംഗീകരിക്കാനാവില്ലെന്ന് കേരള ഗവൺമെന്റ് മെഡിക്കൽ ഓഫീസേഴ്സ് അസോസിയേഷൻ വാർത്താക്കുറിപ്പിൽ അറിയിച്ചു. ഏകപക്ഷീയ ഗവൺമെന്റ് ഉത്തരവ് അടിയന്തരമായി പിൻവലിച്ചില്ലെങ്കിൽ സംസ്ഥാന വ്യാപക പ്രക്ഷോഭം ആരംഭിക്കുമെന്ന് KGMOA പറഞ്ഞു.

തസ്തിക സൃഷ്ടിച്ച് മാനവവിഭവശേഷി വർദ്ധിപ്പിക്കുന്നതിന് പകരം, ഡോക്ടർമാരുടെ ജോലി സമയം കൂട്ടുന്ന രീതിയിൽ സംഘടന ശക്തമായ പ്രതിഷേധം രേഖപ്പെടുത്തിയിട്ടുണ്ട്.

✪✪✪

വയനാട് കൂളിവയലിന് സമീപം ഇന്നലെ വൈകിട്ട് KSRTC ബസും കാറും കൂട്ടിയിടിച്ച് രണ്ട് പേർ മരിച്ചു. രെജു മാത്യു, അതിഥി തൊഴിലാളി അൻവർ എന്നിവരാണ് മരിച്ചത്. ഒരാൾക്ക് പരിക്കേറ്റു.

✪✪✪

ആലപ്പുഴ കൈനകരി, വട്ടക്കായൽ ടെർമിനൽ അഡ്വഞ്ചർ ടൂറിസം പദ്ധതി മന്ത്രി PA മുഹമ്മദ് റിയാസ് വൈകിട്ട് ഉദ്ഘാടനം ചെയ്യും. ആലപ്പുഴയുടെ

പ്രകൃതിഭംഗി ആസ്വദിക്കാനെത്തുന്ന വിനോദസഞ്ചാരികൾക്ക് ജലസാഹസിക വിനോദങ്ങൾ കൂടി ലഭ്യമാക്കാനാണ് പദ്ധതിയിൽ വിഭാവനം ചെയ്യുന്നത്.

✪✪✪

പ്രമുഖ സ്പോർട്സ് ജേർണലിസ്റ്റ് PN ശ്രീധരൻ നമ്പൂതിരി കോഴിക്കോട്ട് നിര്യാതനായി. 77 വയസ്സായിരുന്നു. 20 വർഷത്തിലേറെ കേരളകൗമുദിയിൽ സ്പോർട്സ് ലേഖകനായിരുന്നു. സംസ്കാരം രാവിലെ കോങ്ങാട് പാറശ്ശേരി പെരിന്തലക്കാട്ട് മനയിൽ നടത്തും.

✪✪✪

പൊതുവിദ്യാലയങ്ങളിൽ നടപ്പാക്കുന്ന 'ലിറ്റിൽ കൈറ്റ്സ്' പദ്ധതിയുടെ മികച്ച യൂണിറ്റായി പത്തനംതിട്ട AMM- ഹയർ സെക്കന്ററി ഇടയാറന്മുളയെ തെരഞ്ഞെടുത്തു. വയനാട് കുറുമ്പാല ഗവൺമെന്റ് ഹൈസ്കൂൾ, തിരുവനന്തപുരം കോട്ടൺ ഹിൽ ഗേൾസ് ഹയർ സെക്കന്ററി എന്നിവർ രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി.

✪✪✪

*News Editor & News Reader: അനിൽ ചന്ദ്രൻ,*
*News Team: അബ്ദുൾ കബീർ, നിമിഷ*
*DEO: സി കെ സുബോധ്*